**നോർക്ക റൂട്ട്സ്**
**നോർക്ക സെന്റർ**
**തൈക്കാട്, തിരുവനന്തപുരം-695 014**
**ഫോൺ: 0471-2770500, ഫാക്സ്: 0471-2326263**
**ഇ-മെയിൽ. mail@norkaroots.org**
**വെബ്സൈറ്റ്: www.norkaroots.org**

30/05/2019

## വാർത്താക്കുറിപ്പ്

## കൊച്ചിൻ മെട്രോയും നോർക്ക- റൂട്ട്സും കൈകോർക്കും

കൊച്ചിൻ മെട്രോ നോർക്ക റൂട്ട്സുമായി കൈക്കോർക്കുന്നതിന്റെ ഭാഗമായി വിദേശ മലയാളികൾക്ക് നിക്ഷേപ സാധ്യത ഒരുക്കും. കൊച്ചിൻ മെട്രോ കേരളത്തിൽ വലിയ വികസന സാധ്യത പ്രദാനം ചെയ്യുന്ന സംരംഭമായി മാറുന്നതോടെ മെട്രോ സ്റ്റേഷനുകളുമായി ബന്ധപ്പെട്ട് പ്രവാസി നിക്ഷേപകർക്ക് നിരവധി സംരംഭക സാധ്യതകളാണ് തെളിഞ്ഞു വരുന്നത്. സൂപ്പർമാർക്കറ്റ്, ബിസിനസ്സ് സെന്റർ, ഓഫീസ് സ്പേസ്, റീറ്റെയിൽ ഷോപ്പ്, കോഫി ഷോപ്പ്, ഐസ്ക്രീം പാർലർ, മറ്റ് ഔട്ട്ലെറ്റുകൾ തുടങ്ങിയ ഒട്ടേറെ സംരംഭങ്ങൾക്കുള്ള സൗകര്യമാണ് മെട്രോസ്റ്റേഷനുമായി ബന്ധപ്പെട്ടുള്ളത്. നോർക്ക റൂട്ട്സുമായി കൊച്ചിൻ മെട്രോ റെയിൽ കോർപ്പറേഷൻ ഉ ാക്കിയ ധാരണ പ്രകാരം നോർക്ക റൂട്ട്സ് വഴി അപേക്ഷ നല്കുന്ന പ്രവാസികൾക്ക് നിലവിലുള്ള വാടകയിൽ 25 ശതമാനം പ്രത്യേക ഇളവ് ലഭിക്കും. ഏഴ് മുതൽ പത്ത് വർഷക്കാലത്തേക്കാണ് കരാർ കാലാവധി. താല്പര്യമുള്ള പ്രവാസികൾ നോർക്ക റൂട്ട്സിന്റെ ബിസിനസ്സ് ഫെസിലിറ്റേഷൻ വിഭാഗവുമായി ബന്ധപ്പെടണമെന്ന് നോർക്ക റൂട്ട്സ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ചു. ഇ-മെയിൽ - nbfc.norka@kerala.gov.in, 9136944492 (വാട്സ് ആപ്പ് നം), 0471-2770534.

## നോർക്ക പുനരധിവാസ പദ്ധതി : സംരഭകത്വ പരിശീലനം

നോർക്ക പുനരധിവാസ പദ്ധതിയായ നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺഡ് എമിഗ്രന്റ്സ് പദ്ധതി വിപുലപ്പെടുത്തുന്നതിന്റെ ഭാഗമായി പദ്ധതിയിൻ കീഴിൽ മെയ് മാസത്തിൽ പേരു രജിസ്റ്റർ ചെയ്ത അപേക്ഷകർക്ക് വിവിധ ജില്ലകളിൽ സംരഭകത്വ പരിശീലനം നൽകും.

സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ, ബാങ്ക് ഓഫ് ബറോഡ, സൗത്ത് ഇന്ത്യൻ ബാങ്ക്, സിന്റികേറ്റ് ബങ്ക്, ഫെഡറൽ ബാങ്ക്, കേരള സംസ്ഥാന പിന്നാക്ക

വിഭാഗ വികസന കോർപ്പറേഷൻ ലിമിറ്റഡ് (KSBCDC), കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക് (KSCARDB), കേരള സംസ്ഥാന പട്ടിക ജാതി പട്ടിക വർഗ്ഗ വികസന കോർപ്പറേഷൻ, കേരള സംസ്ഥാന പ്രവാസി ക്ഷേമ വികസന സഹകരണസംഘം (മലപ്പുറം),ഇന്ത്യൻ ഓവർസീസ് ബാങ്ക്, കോഴിക്കോട് ജില്ലാ സഹകരണ ബാങ്ക്, കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ എന്നിവ മുഖാന്തിരം വായ്പ അനുവദിക്കുന്നു ്.

15 ന് തിരുവനന്തപുരം - തൈയ്ക്കാട് സെന്റർ ഫോർ മാനേജ്മെന്റ് ഡവലപ്പ്മെന്റ്, 14 ന് കൊല്ലം - കളക്ടറേറ്റ് കോൺഫറൻസ് ഹാൾ, 11 ന് - ആലപ്പുഴ - കളക്ടറേറ്റ് കോൺഫറൻസ് ഹാൾ, ഒന്നിന് - കോട്ടയം, ഇടുക്കി - കളക്ടറേറ്റ് കോൺഫറൻസ് ഹാൾ കോട്ടയം, 12 ന് എറണാകുളം - കളക്ടറേറ്റ് കോൺഫറൻസ് ഹാൾ, 10 ന് തൃശൂർ - കളക്ടറേറ്റ് കോൺഫറൻസ് ഹാൾ, 11 ന് പാലക്കാട് - കളക്ടറേറ്റ് കോൺഫറൻസ് ഹാൾ, 10 ന് മലപ്പുറം - കളക്ടറേറ്റ് കോൺഫറൻസ് ഹാൾ, ഏഴിന് കോഴിക്കോട്, വയനാട് - കോഴിക്കോട് ന്യൂ നളന്ദ ആഡിറ്റോറിയം, 12 ന് കണ്ണൂർ, കാസർഗോഡ് - കളക്ടറേറ്റ് കോൺഫറൻസ് ഹാൾ, കണ്ണൂർ എന്നിവിടങ്ങളിലാണ് സംരംഭകർക്കുളള പരിശീലനം നടക്കുകയെന്ന് നോർക്ക റൂട്ട്സ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ചു.